(ബി) എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(സി) ഇതിൽ ഓരോ ഇനത്തിലും എത്ര കേസ്സുകൾ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്?

ഉത്തരം

(എ) 7,89,234 കേസുകൾ

(ബി) 7,04 097 കേസ്സുകൾ

(സി) ഐ. പി. സി. കേസ്സുകൾ 45,217 സ്പെഷ്യൽ ആന്റ് ലോക്കൽ കേസ്സുകൾ 2,07, 974 (സെക്യൂരിറ്റി കേസ്സുകൾ ഉൾപ്പെടെ)

ബസ്സ് വാറന്റിൽ കൃത്രിമം

63. [63] ശ്രീ. കെ. സുധാകരൻ:

പ്രൊഫ : എ. ഡി. മുസ്തഫ:

ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് വാറന്റിൽ കൃത്രിമം കാണിച്ച് പോലീസുകാർ ടി. എ. വാങ്ങിയിട്ടുള്ള സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര പോലീസുകാർ ഇപ്രകാരം ടി. എ. വാങ്ങിയതായി കണക്കാക്കപ്പെടുന്നു;

(സി) എന്നുമുതലാണ് ഇപ്രകാരം ടി. എ. വാങ്ങാൻ തുടങ്ങിയത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈയിനത്തിൽ എന്തു തുകയുടെ ദുർവിനിയോഗം ഉണ്ടായതായി കണക്കാക്കപ്പെടുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി—ഡി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പോലീസ് കസ്റ്റഡിയിലെ മൂന്നാം മുറ പ്രയോഗവും കസ്റ്റഡി മരണവും

64. [64] ശ്രീ. വർക്കല കഹാർ :

,, ഡോ. എം. എ. കുട്ടപ്പൻ:

,, പ്രൊഫ: എ. ഡി. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly